**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1149** **06-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യവിത്തുകളുടെ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യവിത്തുകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗുണമേന്മയുള്ള നല്ലയിനം മത്സ്യ വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലാനോട് എന്നീ ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും അതുവഴി ഉൽപ്പാദന ശേഷി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഗുണമേന്മയുള്ള കല്ലുമ്മക്കായുടെയും സമുദ്ര മത്സ്യങ്ങളുടെയും വിത്ത് ഉല്പാദനത്തിനായി 50 ലക്ഷം ഉൽപ്പാദന ശേഷിയുള്ള വിത്ത് ഉല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനായി 500 ലക്ഷം രൂപയുടെ ഭരണാനുമതിയും, ആലപ്പുഴ ജില്ലയിൽ ശുദ്ധജല ആറ്റുകൊഞ്ചിന്റെ ഗുണമേന്മയുള്ള വിത്തുൽപ്പാദനം ലക്ഷ്യമിട്ട് 50 ലക്ഷം ശേഷിയുള്ള ഹാച്ചറി സ്ഥാപിക്കുന്നതിന് 176.20 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ കോഴിക്കോട് ജില്ലയിലെ കല്ലാനോട് ഫിഷ് സീഡ് ഹാച്ചറിയിൽ ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതും ഇടുക്കി ജില്ലയിലെ ചെങ്കുളത്ത് ഒരു കാർപ്പ് മത്സ്യവിത്ത് ഹാച്ചറി സ്ഥാപിക്കുന്നതും പരിഗണനയിലാണ്. നടപ്പ് സാമ്പത്തിക വർഷം സർക്കാരിന്റെ കീഴിലുള്ള ഫിഷ് സീഡ് ഫാമുകൾ/ ഹാച്ചറികൾ എന്നിവയിലായി 542 ലക്ഷം മത്സ്യ വിത്തുകൾ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 156.95 ലക്ഷം രൂപയുടെ ഓപ്പറേഷണൽ മാനേജ്മെന്റ് ഓഫ് ഫിഷ് സീഡ് ഫാംസ് 2022-23 (ആക്ഷൻ പ്ലാൻ) എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ കരിമീൻ, വരാൽ എന്നിവയുടെ ഗുണമേന്മയുള്ള വിത്തുൽപ്പാദനം ലക്ഷ്യമിട്ട് 14 ജില്ലകളിലുമായി 'ബാക്ക് യാർഡ് ഫിഷ് സീഡ് പ്രൊഡക്ഷൻ' എന്ന പദ്ധതിയ്ക്ക് 430 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കി വരികയുമാണ്. അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി നൽകിയ നെയ്യാർ, ഓടയം, അഴീക്കോട്, പീച്ചി, വളഞ്ഞവഴി, പുതിയങ്ങാടി, പൊയ്യ, മലമ്പുഴ നൈൽ തിലാപ്പിയ എന്നീ ഹാച്ചറികളുടെ നിർമ്മാണ പ്രവർത്തനം ഉടൻ തന്നെ പൂർത്തീകരിക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഹാച്ചറികൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗുണമേന്മയുള്ള നല്ലയിനം മത്സ്യ വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലാനോട് എന്നീ ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും അതുവഴി ഉൽപ്പാദന ശേഷി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഗുണമേന്മയുള്ള കല്ലുമ്മക്കായുടെയും സമുദ്ര മത്സ്യങ്ങളുടെയും വിത്ത് ഉല്പാദനത്തിനായി 50 ലക്ഷം ഉൽപ്പാദന ശേഷിയുള്ള വിത്ത് ഉല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനായി 500 ലക്ഷം രൂപയുടെ ഭരണാനുമതിയും, ആലപ്പുഴ ജില്ലയിൽ ശുദ്ധജല ആറ്റുകൊഞ്ചിന്റെ ഗുണമേന്മയുള്ള വിത്തുൽപ്പാദനം ലക്ഷ്യമിട്ട് 50 ലക്ഷം ശേഷിയുള്ള ഹാച്ചറി സ്ഥാപിക്കുന്നതിന് 176.20 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ കോഴിക്കോട് ജില്ലയിലെ കല്ലാനോട് ഫിഷ് സീഡ് ഹാച്ചറിയിൽ ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതും ഇടുക്കി ജില്ലയിലെ ചെങ്കുളത്ത് ഒരു കാർപ്പ് മത്സ്യവിത്ത് ഹാച്ചറി സ്ഥാപിക്കുന്നതും പരിഗണനയിലാണ്. നടപ്പ് സാമ്പത്തിക വർഷം സർക്കാരിന്റെ കീഴിലുള്ള ഫിഷ് സീഡ് ഫാമുകൾ/ ഹാച്ചറികൾ എന്നിവയിലായി 542 ലക്ഷം മത്സ്യ വിത്തുകൾ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 156.95 ലക്ഷം രൂപയുടെ ഓപ്പറേഷണൽ മാനേജ്മെന്റ് ഓഫ് ഫിഷ് സീഡ് ഫാംസ് 2022-23 (ആക്ഷൻ പ്ലാൻ) എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ കരിമീൻ, വരാൽ എന്നിവയുടെ ഗുണമേന്മയുള്ള വിത്തുൽപ്പാദനം ലക്ഷ്യമിട്ട് 14 ജില്ലകളിലുമായി 'ബാക്ക് യാർഡ് ഫിഷ് സീഡ് പ്രൊഡക്ഷൻ' എന്ന പദ്ധതിയ്ക്ക് 430 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കി വരികയുമാണ്. അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി നൽകിയ നെയ്യാർ, ഓടയം, അഴീക്കോട്, പീച്ചി, വളഞ്ഞവഴി, പുതിയങ്ങാടി, പൊയ്യ, മലമ്പുഴ നൈൽ തിലാപ്പിയ എന്നീ ഹാച്ചറികളുടെ നിർമ്മാണ പ്രവർത്തനം ഉടൻ തന്നെ പൂർത്തീകരിക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ